ടി.യു. ഇന്ന് സമരരംഗത്താണ് എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കുട്ടനാട്ടിൽ മെത്രിയന്ത്രങ്ങളാണ് സാർവ്വത്രികമായിട്ടുള്ളത്. കായൽ നിലങ്ങളിൽ മാത്രമാണ് കൊയ്തു മെതി യന്ത്രങ്ങൾ ആവശ്യമായിട്ടുള്ളത്. അതിന് വളരെ പരിമിതമായ എണ്ണമേ ആവ ശ്യമുള്ളൂ. അതിനെതിരായിട്ട് സമരം ആരംഭിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചി പ്പിച്ചു. 700- 735 രൂപ വിലക്ക് നെല്ല് സംഭരണം നടത്തുന്നതിന് നടപടി സ്വീക രിച്ചുവെന്ന്, ഈ സമയത്തിനുള്ളിൽ എത്ര ക്വിന്റൽ നെല്ല് 735 രൂപ വിലയ്ക്ക് സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ ഇവിടെ പറഞ്ഞു. ഇതുവ രെയായിട്ട് 20,661 ക്വിന്റൽ നെല്ല് കുട്ടനാടൻ മേഖലകളിൽനിന്ന് ഈ വിലയ്ക്ക് ശേഖരിച്ചിട്ടുണ്ടെന്ന്. സഹകരണ സംഘങ്ങളും വെയർഹൗസിംഗ് കോർപ്പറേ ഷനും ഈ വിലയ്ക്ക് ശേഖരിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരം

വാണിജ്യ ബാങ്കുകളിൽനിന്നും കാർഷികമേഖലയ്ക്ക് ലഭിക്കുന്ന വായ്പ

4 (*364) ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ ബാങ്കുകളിൽനിന്നും കാർഷികമേഖ ലയ്ക്ക് ലഭിക്കുന്ന വായ്പാ സൗകര്യം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) കർഷകർക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെയും കുറഞ്ഞ പലിശ നിരക്കിലും വായ്പ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു;

(സി) അയൽ സംസ്ഥാനങ്ങളിലെ കർഷകർക്ക് ബാങ്ക് ലോൺ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ കർഷകർക്കും വായ്പ കുറഞ്ഞ പലിശ നിര ക്കിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് വാണിജ്യ ബാങ്കുകളിൽനിന്നും കാർഷിക മേഖ ലയ്ക്ക് ലഭിക്കുന്ന വായ്പയുടെ തുകയിൽ കുറവുവന്നിട്ടില്ല. പക്ഷെ കാർഷിക വായ്പയുടെ മൊത്തം വായ്പയുമായിട്ടുള്ള അനുപാതത്തിൽ കുറവു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകർക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ബാങ്കുകൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കിസാൻ ക്രഡിറ്റ് കാർഡ് തുടങ്ങിയ പദ്ധതികൾ പ്രോൽസാഹിച്ചുവരുന്നു. "അനുയോജ്യമായ പ്രദേശങ്ങളിൽ പുഷ്പകൃഷി വികസനം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം രൂപീകൃതമാകുന്നു. ഫ്ളോറിക്കൾച്ചറിസ്റ്റുകളിലെ 2000 പുഷ്പ കർഷകർക്ക് നടീൽ വസ്തുക്കൾ വാങ്ങുന്നതിന് 8% കുറഞ്ഞ പലിശ നിരക്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വായ്പാ സൗകര്യം അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിനും സുഗമമാക്കുന്നതിനായി 'ഫ്ളോറി കാർഡ്' അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൃഷി ഡിപ്പാർട്ടുമെന്റ് നടപടികൾ എടുത്തുവരുന്നു.

(സി) അയൽ സംസ്ഥാനങ്ങളിലെ കർഷകർക്ക് ലഭിക്കുന്ന ബാങ്ക് ലോണിന് പലിശ നിരക്കിൽ എത്രമാത്രം കുറവുണ്ടെന്നുള്ള കാര്യം പരിശോധിച്ച് ആ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ കർഷകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വനങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്നതിന് നിയമ നിർമ്മാണം

5 (*365) ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിനായി പുതിയ നിയമം നിർമ്മിക്കണമെന്ന് വനംവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാണ് വനം വകുപ്പധികൃതർ ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) എന്തുകൊണ്ടാണ് പുതിയ നിയമനിർമ്മാണം ആവശ്യമായി വരുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഈ നിയമനിർമ്മാണം എന്നത്തേക്ക് നടത്തുമെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ-ഇ) വനങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. എന്നാൽ നിയമങ്ങളിലെ ചില വകുപ്പുകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

നിക്ഷിപ്തവനഭൂമി സംരക്ഷിക്കുന്നതിന് നടപടി

6 (*366) ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly

ഹിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അവാർഡ് തുടങ്ങിയ പാരിതോഷികങ്ങൾ നൽകാറുണ്ട്.

അനുബന്ധം II

8.3.2000-ലെ നക്ഷത്രചിഹ്നമിട്ട 25 (*385)-ാം നമ്പർ ചോദ്യം ദയവായി കാണുക

മലപ്പുറം ജില്ല

1. അകംപാടം
2. എടകോട്
3. കൊടുപുഴ
4. വാണിയാംപുഴ
5. കാഞ്ഞിരംപുഴ
6. നെല്ലിക്കുത്ത്
7. കുന്നിപ്പാല
8. പടുക്ക
9. നെടുങ്കയം
10. ചക്കിക്കുഴി
11. കരുവാരക്കുണ്ട്

ഇടുക്കി ജില്ല

1. പെട്ടിമുടി
2. മറയൂർ
3. കാന്തല്ലൂർ
4. മച്ചിപ്ലാവ്
5. പനംകുടി
6. നഗരംപാറ
7. ഇഞ്ചത്തൊട്ടി
8. വാളറ
9. വാഴത്തോപ്പ്
10. വൈരമണി
11. കാഞ്ചിക്കാർ
12. മുറിഞ്ഞപുഴ
13. വണ്ടംപരാൻ
14. പ്ലാച്ചേരി

എറണാകുളം ജില്ല

1. പെരുംതോട്
2. ഏറുമുഖം
3. മേലപ്പാല
4. കുരിശുംമുടി
5. കാരയ്ക്കാട്ട്
6. കണ്ണിമംഗലം
7. എവർഗ്രീൻ
8. ഭൂതത്താൻകെട്ട്

LIBRARY ARCHIVES Kerala Legislative Assembly

9. കരിംപാനി
10. ഇടമലയാർ
11. വടാറ്റുപ്പാറ
12. എണ്ണക്കൽ
13. പെരുമൊഴി
14. പുയംകുട്ടി
15. ആനക്കുളം

തൃശ്ശൂർ ജില്ല

1. കണ്ണൻകുഴി
2. വാഴച്ചാൽ
3. മുക്കംപുഴ
4. കൊല്ലത്തിരുമേട്
5. മലക്കപ്പാറ
6. ഷോളയാർ
7. ആതിരപ്പള്ളി
8. ഏഴാറ്റുമുക്കം
9. എരുമപ്പെട്ടി
10. പുങ്ങോട്ട്
11. മായന്നൂർ
12. അകമല
13. ഇടനാട്
14. വാഴാനി
15. പട്ടിക്കാട്
16. പൊങ്കനംകാട്
17. ഒളകര
18. വാണിയംപാറ
19. മന്ദാമംഗലം

വയനാട് ജില്ല

1. മക്കിക്കാട്
2. തിരുനെല്ലി
3. ആലപ്പുഴ
4. കുഞ്ഞോം
5. വരയാർ

പാലക്കാട് ജില്ല

1. ചാലക്കയം
2. മണ്ണാർക്കാട്
3. തിരുവിഴാംകുന്ന്
4. പുത്തൂർ
5. മുക്കാലി
6. ഒമല്ല
7. കോളയൂർ

1137/2010.

LIBRARY ARCHIVES Kerala Legislative Assembly

8. ശിങ്കപ്പാറ

പത്തനംതിട്ട ജില്ല

1. കുമരംപേരൂർ (നോർത്ത്)
2. കുമരംപേരൂർ (സൗത്ത്)
3. കൊക്കത്തോട്
4. കരിപ്പാംത്തോട്
5. പാടം
6. ചെംബാല
7. മണ്ണാറപ്പാറ
8. കരികുളം
9. കാനമല
10. ആനപ്പാറ
11. ചിറ്റാർ
12. ഗുരുനാഥൻമണ്ണ്
13. തണ്ണിത്തോട്
14. പ്ലാപ്പള്ളി
15. കൊച്ചുകോയിക്കൽ
16. പച്ചക്കാനം

അനുബന്ധം III

8.3.2000-ലെ നക്ഷത്രചിഹ്നമിട്ട 27 (*387)-ാം നമ്പർ ചോദ്യം ദയവായി കാണുക

ക്രമ നമ്പർ	വഴിപാട് വിവരം	1.1.2000 മുതൽ ഈടാക്കേണ്ട ആകെ തുക (സാധന വിലയും മുതൽക്കൂട്ടും ഉൾപ്പെടെ)	1.1.2000 മുതൽ ഈടാക്കേണ്ട മുതൽക്കൂട്ട്
1	2	3	4
1	ഗണപതി ഹോമം	45.00	15.00*
എ	അഷ്ടദ്രവ്യഗണപതി ഹോമം	151.00	50.00
2.	ഭഗവതി സേവ	151.00	51.00*
3.	ത്രിശതി അർച്ചന	10.00	10.00
4.	സഹസ്രനാമാർച്ചന	15.00	15.00
5.	അഷ്ടോത്തരാർച്ചന	5.00	4.75*
6.	മൃത്യുഞ്ജയഹോമം	51.00	21.00*
7.	മുഴുക്കാപ്പ്	-	35.00
8.	അരക്കാപ്പ്	-	25.00
9.	ചന്ദനാഭിഷേകം	-	51.00*
10.	കളഭാഭിഷേകം	-	225.00*
11.	തുലാഭാരം	-	23.00*
12.	ചോറൂണ്	15.00	11.00
13.	നാമകരണം	-	11.00

LIBRARY ARCHIVES Kerala Legislative Assembly